പത്രക്കുറിപ്പ് 21.06.2024

## ജെനറേറ്റീവ് എഐ തൊഴിൽ നഷ്ടപ്പെടുത്തുമെന്ന ആശങ്ക അസ്ഥാനത്ത്: ഐബിഎം വിദഗ്ധൻ

**കോഴിക്കോട്:** ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തൊഴിൽ നഷ്ടമുണ്ടാക്കുമെന്ന ആശങ്ക അസ്ഥാനത്താണെന്ന് ഐബിഎം ഇന്ത്യ സോഫ്റ്റ്‌വെയർ ലാബിലെ സീനിയർ ടെക്നിക്കൽ സ്റ്റാഫ് മെമ്പർ ശ്രീനിവാസൻ മുത്തുസ്വാമി പറഞ്ഞു. സംസ്ഥാന സർക്കാർ ഐബിഎമ്മിന്റെ സഹകരണത്തോടെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവിനു മുന്നോടിയായി കോഴിക്കോട് സൈബർപാർക്കിൽ കെഎസ്ഐഡിസി, ഐബിഎം എന്നിവർ ചേർന്ന് സംഘടിപ്പിച്ച ടെക് ടോക് പരമ്പരയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലോകത്ത് പുതിയ സാങ്കേതികവിദ്യ എന്നൊക്കെ ഉണ്ടായിട്ടുണ്ടോ അന്നൊക്കെ ചില തൊഴിൽ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ശ്രീനിവാസൻ മുത്തുസ്വാമി ചൂണ്ടിക്കാട്ടി. പക്ഷെ രാജ്യത്ത് തൊഴിലുകളുടെ എണ്ണം കൂടിയിട്ടേയുള്ളൂ. വിവിധ മേഖലയിൽ വലിയ സാധ്യതകളാണ് ജെൻ എഐ തുറന്നിടുന്നത്. അതുപയോഗപ്പെടുത്താൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

പണം കൈമാറ്റത്തിന് ഇന്ത്യ വികസിപ്പിച്ചെടുത്ത യുപിഐ ലോകത്തെ തന്നെ ഏറ്റവും വലിയ ടെക്നോളജി വിപ്ലവമാണെന്ന് അദ്ദേഹം പറഞ്ഞു. സാങ്കേതികവിദ്യയുടെ നിർമ്മാതാക്കൾ തന്നെ അതിന്റെ ഉപഭോക്താക്കളാകുന്ന അപൂർവ കാഴ്ചയാണ് ഇവിടെ കാണുന്നത്. സാങ്കേതികവിദ്യയിൽ ഇന്ത്യയിലെ സമൂഹപങ്കാളിത്തം വാണിജ്യഉത്പന്നങ്ങളെക്കാൾ അധികമാണെന്നതാണ് വസ്തുത. അതിനാൽ തന്നെ ജെൻ എഐയുടെ കടന്നു വരവ് രാജ്യത്തിന് വലിയ സാധ്യതകൾ തുറന്നിടുകയാണെന്നും അദ്ദേഹം പറഞ്ഞു.

ജെൻ എഐ യുടെ സാധ്യതകൾ പോലെ തന്നെ അതിന്റെ രൂപീകരണത്തിലെ വെല്ലുവിളികൾ ഏറെയാണ്. വിശ്വാസ്യതയാണ് ജെൻ എഐ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഡാറ്റ ലഭിക്കുന്ന ഉറവിടം ഏറെ പ്രധാനമാണ്. ചെറിയ പിഴവ് പോലും വലിയ തോതിൽ ദുരുപയോഗപ്പെടാനുള്ള സാധ്യതകൾ ഇതിലുണ്ട്. പ്രത്യേകിച്ചും ഓഹരി വിപണി പോലുള്ള മേഖലകളിൽ ഇന്ന് ജെൻഎഐയുടെ കടന്നുകയറ്റം നടക്കുകയാണ്.

ഇന്റഗ്രേഷൻ ആൻഡ് സ്കെയിലിംഗ് വെല്ലുവിളി, എഐ ഗവേണൻസ്, ഡാറ്റയിലെ സങ്കീർണത, ഉയർന്ന ചെലവ്, എഐ മേഖലയിലെ നൈപുണ്യശേഷിക്കുറവ്, എഐ മോഡൽ ടൂളുകളുടെ അഭാവം എന്നിവ ജെൻ എഐയുടെ പ്രതിസന്ധികളാണ്. ഡാറ്റയിലെ തുറന്ന സമീപനം, പ്രത്യേക വിഭാഗത്തിനെ ലക്ഷ്യം വച്ചുള്ള മാതൃകകൾ, വിശ്വസനീയമായ മാതൃകകൾ, സമൂഹത്തെ ശാക്തീകരിക്കുന്ന മാതൃകകൾ എന്നിവയാണ് ജെൻ എഐ യിലൂടെ ഉപയോഗപ്പെടുത്തേണ്ടത്.

തിരുവനന്തപുരത്ത് ടെക്നോപാർക്കിലും കൊച്ചിയിലെ ഇൻഫോപാർക്കിലും ടെക് ടോക് പരമ്പര നേരത്തെ സംഘടിപ്പിച്ചിരുന്നു.

കൊച്ചി ബോൾഗാട്ടിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇൻററർനാഷണൽ കൺവെൻഷൻ സെൻററിൽ ജൂലൈ 11, 12 തീയതികളിലാണ് അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവ് നടക്കുന്നത്. മുഖ്യമന്ത്രി, മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായ-ടെക്നോളജി പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റർമാർ തുടങ്ങിയവർ എ.ഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും.

ജനറേറ്റീവ് എഐയുടെ ഭാവി രൂപപ്പെടുത്തുന്നതോടൊപ്പം നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുമുള്ള കേരളത്തിന്റെ പ്രതിബദ്ധത പ്രകടമാക്കുന്നതായിരിക്കും ഈ സമ്മേളനം. ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺക്ലേവിലൂടെ കേരളത്തെ എ.ഐ ഡെസ്റ്റിനേഷനായി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

കൂടുതൽ വിവരങ്ങൾക്കും കോൺക്ലേവിൽ രജിസ്റ്റർ ചെയ്യുന്നതിനും: https://www.ibm.com/in-en/events/gen-ai-conclave.